# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2366 — 8-12-2015 ൽ മറുപടിക്ക്

## വ്യവസായ സ്ഥാപനങ്ങളിലെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എ.എം. ആരിഫ് | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതു സ്ഥിതി സർക്കാർതലത്തിൽ വിലയിരുത്താറുണ്ട്. ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും, പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ അഞ്ചു വർഷങ്ങളായി കാഴ്ചവച്ചിട്ടുള്ളത്.<br><br>സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ, പ്രവർത്തന പുരോഗതി അവലോകനം നടത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള സംവിധാനം പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അധികൃതരുടെ അഴിമതിയും കെടുകാര്യസ്ഥതയും കാരണം പല വ്യവസായ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നു വെന്നആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ഇല്ല. വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, ആഗോളവത്ക്കരണത്തിന്റെ ഭാഗമായി വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതിചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനച്ചെലവുകളെയും അതിജീവിക്കത്തക്കവിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയും പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണമായിട്ടുണ്ട്. ഈ പ്രതിസന്ധികളെ അതിജീവിക്കത്തക്ക വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (സി) | പൊതു മേഖലാ സ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുന്നതിന്റെ പ്രാധാന കാരണങ്ങൾ വ്യക്തമാക്കാമോ; | | |
| (ഡി) | ഈ സർക്കാർ പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായസ്ഥാപനം തുടങ്ങുകയുണ്ടായോ; | (ഡി) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സിഡ്കോയുടെ അധീനതയിൽ ഒരു ഹൈടെക് ഫർണീച്ചർ നിർമ്മാണ യൂണിറ്റ് സർക്കാരിന്റെ ധനസഹായത്തോടുകൂടി മലപ്പുറം ജില്ലയിൽ വേങ്ങരയിൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെയായിരുന്നു? | (ഇ) | മുൻ സർക്കാരിന്റെ കാലത്ത് അനുവദിക്കപ്പെട്ട ഒൻപത് പൊതുമേഖലാ യൂണിറ്റുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>എന്നാൽ ഇവയിൽ 6 സ്ഥാപനങ്ങളിലാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്.<br>വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള<br>1. ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽ<br>2. കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ<br>3. കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ.<br>ഇവ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Hanu
സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | കമ്പനി | യൂണിറ്റ്സ്/പ്രോജക്ട്സ് |
|---|---|---|
| 1 | കേരളസ്റ്റേറ്റ് ടെക്സ്റ്റൈൽസ്കോർപ്പറേഷൻ ലിമിറ്റഡ് | കോമളപുരം സ്പിന്നിംഗ് ആൻറ് വീവിംഗ് മിൽ |
| 2 | | ഹൈറ്റെക് വീവിംഗ് മിൽ |
| 3 | | ഉദുമ ടെക്സ്റ്റൈൽ മിൽ |
| 4 | കേരള സ്മോൾ ഇൻഡസ്ട്രീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ. |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് | ടൂൾ റൂം കം ട്രെയിനിംഗ് സെൻറർ |
| 6 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | ഹൗസ് വയറിംഗ് കേബിൾ യൂണിറ്റ് |
| 7 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ് ലിമിറ്റഡ് | മെഷീനിംഗ് യൂണിറ്റ് |
| 8 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് | ഹൈറ്റെക് ബാംബു ടൈൽ ഫാക്ടറി |
| 9 | കേരളസ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ്ലിമിറ്റഡ് | കണ്ടയ്നർ ഫ്രൈറ്റ് സ്റ്റേഷൻ |

സെക്ഷൻ ഓഫീസർ